തോടിന്റെ പായൽ മാറ്റി ആവശ്യമുള്ള സ്ഥലത്തെ ചെളി നീക്കം ചെയ്യൽ, 100 മീറ്റർ പുതിയ കൽകെട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ എക്സസ് ഉൾപ്പെടെ 188 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പാലം, അപ്രോച്ച് റോഡ് 2800 മീറ്റർ കനാൽ വൃത്തിയാക്കൽ എന്നിവയാണ് ഉദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ ജോലികൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു.

(ഡി) പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും പ്രസ്തുത വർക്കിനൊപ്പം പാലംമുതൽ ളാപാലം വരെയുള്ള തോട് പായൽനീക്കി ആഴം കൂട്ടി നവീകരിക്കുന്ന ജോലി മാർച്ച് 2010-ൽ പൂർത്തീകരിച്ചു.

(ഇ) ഇതിനായി അനുവദിച്ച തുകയിൽ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഇതുവരെ ടെണ്ടർ എക്സസ് ഉൾപ്പെടെ 127.70 ലക്ഷം കൈപ്പറ്റി. ബാക്കി തുക ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം തടഞ്ഞുവച്ചിരിക്കുകയാണ്.

(എഫ്) എൽ.ബി.എസ്. -ന്റെ റിപ്പോർട്ടും നിർദ്ദേശവും അനുസരിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഡീവിയേഷൻ റോഡ് പുറം ഭാഗത്തേക്ക് ഗതാഗതത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി

112 (709) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) പുതുതായി ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പൂർത്തിയാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ;

(ഡി) അടുത്തകാലത്ത് വെള്ളപ്പൊക്ക കെടുതിയുണ്ടായ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനും കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലവിഭവ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വർഷാവർഷം കേരള സർക്കാർ നോൺപ്ലാൻ ഇനത്തിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന നദീതീര സംരക്ഷണ പ്രവൃത്തികൾ.

2. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ സംരക്ഷണത്തിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) വെള്ളപ്പൊക്കത്തെക്കുറിച്ച് മുൻസൂചനകൾ നൽകുന്നതിനായി കേരളത്തിലെ എല്ലാ നദീതടങ്ങളുടേയും ഫ്ളഡ്മാപ്പിംഗ് നടത്തുന്നതിനു വേണ്ടി ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്.

(സി) പൂർത്തിയാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) ധനലഭ്യത അനുസരിച്ചും, വെള്ളപ്പൊക്ക കെടുതികളുടെ തീവ്രത കണക്കിലെടുത്തും അത്തരം പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനുള്ള പ്രവൃത്തികളും കനാലുകളുടെ അറ്റകുറ്റപ്പണികളും വകുപ്പ് ഏറ്റെടുത്ത് നടത്താറുണ്ട്.

ജലവിഭവ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

113 (710) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിനെയും നാദാപുരം മണ്ഡലത്തിലെ തുരുത്തി പ്രദേശത്തെയും ബന്ധിപ്പിച്ച് കരിങ്ങാറ്റി റോഡും തുരുത്തി റോഡും പാലവും ജലവിഭവ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത റോഡും പാലവും യാഥാർത്ഥ്യമാക്കുന്നതിലൂടെയുണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി സാധ്യതാ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിനെയും എടച്ചേരി പഞ്ചായത്തിലെ തുരുത്തി പ്രദേശത്തെയും ബന്ധിപ്പിക്കുന്ന നിലവിലുള്ള നടപ്പാലം പൊളിച്ചുമാറ്റി വി.സി.ബി-ക്കു മുകളിലൂടെ റോഡും പാലവും നിർമ്മിക്കുന്നതിനും വി. സി. ബി. പുനരുദ്ധരിക്കുന്നതിനുമായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.